**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 368** **09-08-2021 - ൽ മറുപടിയ്ക്ക്**

**വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്രനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി കാനത്തിൽ ജമീല,<br>ശ്രീ കടകംപള്ളി സുരേന്ദ്രൻ,<br>ശ്രീ എം രാജഗോപാലൻ,<br>ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **Shri V Sivankutty<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് വിദ്യാഭ്യാസരംഗത്ത് അന്താരാഷ്ട്രനിലവാരം കൈവരിക്കുകയെന്ന ലക്ഷ്യത്തോടെ ഓരോ ക്ലാസ്സിലെയും പഠിതാക്കൾ അന്താരാഷ്ട്രതലത്തിലുള്ള ധാരണയും നൈപുണ്യവും കൈവരിക്കുന്നുണ്ടോ എന്ന് പരിശോധിക്കാറുണ്ടോ; വിശദമാക്കാമോ; | (എ) | ഉണ്ട്. അതിനായി നിലവിലുള്ള സ്കൂൾ വിലയിരുത്തൽ സംവിധാനവും, ദേശീയ പഠനനേട്ട സർവ്വെയും, സർവ്വദേശീയമായി നടത്തുന്ന വിദ്യാർത്ഥി വിലയിരുത്തൽ പരിപാടികളും ഉപയോഗപ്പെടുത്തുന്നുണ്ട്. ഇത്തരം വിലയിരുത്തലിനായി 'സഹിതം' എന്ന ഒരു ഡിജിറ്റൽ പോർട്ടൽ തന്നെ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക വർഷത്തിനിടയിൽ നടക്കുന്ന പാദവാർഷിക , അർദ്ധവാർഷിക പരീക്ഷകളും വിലയിരുത്തലിനായി പ്രയോജനപ്പെടുത്തുന്നു. |
| (ബി) | ദേശീയതലത്തിൽ സംസ്ഥാനത്തിന് വിദ്യാഭ്യാസമേഖലയിൽ കൈവരിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ; | (ബി) | ദേശീയ പഠനനേട്ട സർവ്വെയിലും നീതി ആയോഗിന്റെ വിദ്യാഭ്യാസ ഗുണനിലവാര സൂചിക അടിസ്ഥാനമാക്കി നടത്തിയ വിലയിരുത്തലിലും ഇന്ത്യയിലെ മുൻനിര സംസ്ഥാനങ്ങളുടെ പട്ടികയിലാണ് കേരളത്തിന്റെ സ്ഥാനം. നീതിആയോഗും യൂണിസെഫും സംയുക്തമായി പുറത്തിറക്കിയ എസ്.ഡി.ജി ഇന്ത്യാ റിപ്പോർട്ടിലും ഗുണതാ വിദ്യാഭ്യാസത്തിൽ കേരളം 80 സ്കോറോടെ ഒന്നാം സ്ഥാനത്താണ്. നീതി ആയോഗ് അവസാനം പുറത്തിറക്കിയ സ്കൂൾ എഡ്യൂക്കേഷൻ ക്വാളിറ്റി ഇന്റക്സിലും കേരളം ഒന്നാം സ്ഥാനത്താണ്. |
| (സി) | പൊതുവിദ്യാലയങ്ങളിൽ നിലവിലുള്ളതും പുതുതായി നിയമിക്കപ്പെടുന്നതുമായ അദ്ധ്യാപകരുടെ മികവുയർത്താൻ പദ്ധതിയുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (സി) | ഉണ്ട് . അദ്ധ്യാപകർക്ക് Induction Training ആസൂത്രണം ചെയ്തു വരുന്നു. നിലവിലെ അദ്ധ്യാപക ശാക്തീകരണ പരിപാടികൾ പരിഷ്കരിക്കാനും പദ്ധതിയുണ്ട്. സാങ്കേതിക വിദ്യാസംവിധാനങ്ങൾ പ്രയോജനപ്പെടുത്താ നാവശ്യമായ പരിശീലനം കൈറ്റിന്റെ നേതൃത്വത്തിൽ നടത്തിയിട്ടുണ്ട്. പുതുതായി നിയമനം ലഭിക്കുന്ന അധ്യാപകർക്കായി ഇൻഡക്ഷൻ ട്രെയിനിംഗ് നടത്താൻ ആവശ്യമായ |

| | | | |
|---|---|---|---|
| | | | മൊഡ്യൂളുകളും തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | സർക്കാർ വിദ്യാലയങ്ങളിൽ വിദ്യാർത്ഥികൾ വർദ്ധിച്ചുവരുന്നതിന് ആനുപാതികമായി പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അദ്ധ്യാപകരെ നിയമിക്കുന്നതിനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; | (ഡി) | കോവിഡിന്റെ പശ്ചാത്തലത്തിൽ സ്കൂളുകൾ തുറക്കാത്തതിനാൽ 2020-21, 2021-22 അദ്ധ്യയന വർഷങ്ങളിൽ സ്റ്റാഫ് ഫിക്സേഷൻ നടത്താൻ കഴിഞ്ഞിട്ടില്ല. ആയതിനാൽ 2019-20 അദ്ധ്യയന വർഷത്തെ സ്റ്റാഫ് ഫിക്സേഷൻ അനുസരിച്ചാണ് അദ്ധ്യാപക നിയമനം നടത്തിയിരിക്കുന്നത്. അധിക തസ്തിക അനുവദിച്ചിട്ടില്ല. |
| (ഇ) | സംരക്ഷിത അദ്ധ്യാപകരുടെ താല്പര്യം പരിരക്ഷിച്ചുകൊണ്ടാണോ എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകിയതെന്ന് വ്യക്തമാക്കാമോ? | (ഇ) | സംരക്ഷിത അദ്ധ്യാപകരുടെ ജോലിയും ആനുകൂല്യങ്ങളും പരിരക്ഷിച്ചു കൊണ്ടു തന്നെയാണ് എയ്ഡഡ് വിദ്യാലയങ്ങളിൽ മാനേജർമാർ നടത്തിയ നിയമനങ്ങൾക്ക് അംഗീകാരം നൽകുന്നത്. |

സെക്ഷൻ ഓഫീസർ